LIBRARY ARCHIVES Kerala Legislative Assembly

കുമ്പള കലാഗ്രാമം സ്ഥാപിക്കുന്നതിന് നടപടി

37 [T618] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം പഞ്ചായത്തിലെ കുമ്പള കലാഗ്രാമം സ്ഥാപിക്കുന്നതു സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിച്ചു;

(ബി) ഇത് എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) കലാഗ്രാമം സ്ഥാപിക്കുന്നതു സംബന്ധിച്ച് ലഭിച്ച നിവേദനം പരിശോധിച്ചുവരുന്നു.

പിന്നോക്ക വികസന കോർപ്പറേഷനിലെ ജീവനക്കാർ

38 [619] *ശ്രീ. മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷനിൽ സ്ഥിര ജീവനക്കാർ എത്ര പേരുണ്ട്;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പറേഷനിൽ ദിവസക്കൂലി അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും എത്ര പേരെ നിയമിച്ചിട്ടുണ്ട്; കാറ്റഗറി തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) കോർപ്പറേഷനിലും കോർപ്പറേഷന്റെ കീഴിലുള്ള ജില്ലാ ആഫീസുകളിലും ദിവസക്കൂലി അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും നിയമിച്ചവരുടെ പേരുവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷനിൽ ഇപ്പോൾ 126 സ്ഥിരം ജീവനക്കാരുണ്ട്.

(ബി) & (സി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ വിവിധ ജില്ലാ ആഫീസുകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ 30 പേരെ ജോലിക്ക് നിയോഗിച്ചിരുന്നു. ഇവരിൽ 21 പേർ ക്ലാർക്കായും 6 പേർ ശിപായിയായും 3 പേർ ഡ്രൈവറായും ആണ് ജോലി ചെയ്തിരുന്നത്. എന്നാൽ ഇപ്രകാരം നിയോഗിച്ചിരുന്നവരിൽ 9 പേർ മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്.